ഉത്തരം

(എ) 2002-2003 വർഷത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഹാന്റക്സ് തുണിത്തരങ്ങൾ വാങ്ങിയിട്ടില്ല.

(ബി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകളിൽ തുണി കെട്ടിക്കിട ക്കുന്നില്ല.

(സി) ഹാന്റക്സിന്റെ ബൈലാ പ്രകാരം അംഗസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി വസ്ത്രങ്ങളാണ് സംഭരിച്ച് വിപണനം നടത്തേണ്ടത്. ഖാദി വസ്ത്രങ്ങൾ ഖാദി ബോർഡിന്റെ നിയന്ത്രണത്തിലാണ് വിപണനം നടത്തിവരുന്നത്.

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ സ്ഥിതി ചെയ്യുന്ന ഹാന്റക്സ് ഗാർമെന്റ് ഫാക്ടറി

54 [3459] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ സ്ഥിതിചെയ്യുന്ന ഹാന്റക്സ് ഗാർമെന്റ് ഫാക്ടറി ഇപ്പോൾ വാടകകെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ യൂണിറ്റിനുവേണ്ടി ഹാന്റക്സിന്റെ അപേക്ഷപ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങിയിട്ടുണ്ടോ;

(സി) ഈ സ്ഥലം ഹാന്റക്സിനു കൈമാറിയിട്ടുണ്ടോ;

(ഡി) ഈ ഗാർമെന്റ് യൂണിറ്റിനുവേണ്ടി വയനാട് ജില്ലാ പഞ്ചായത്ത് അവരുടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലമായ ഫാക്ടറികെട്ടിടം നിർമ്മിച്ചത് ഹാന്റക്സ് ഏറ്റെടുക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പണി പൂർത്തിയായ പ്രസ്തുത കെട്ടിടം ഏറ്റെടുക്കാതെ ഇപ്പോഴും സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന് ഭീമമായ വാടക നൽകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ജി) ഏറെ സൗകര്യപ്രദമായ കെട്ടിടം പണിപൂർത്തിയായിട്ടും അത് ഏറ്റെ ടുത്ത് ഫാക്ടറി അതിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കാതെ വീണ്ടും കൽപ്പറ്റയിൽ മറ്റൊരു സ്വകാര്യകെട്ടിടം വാടകയ്ക്കെടുക്കാൻ നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് 40 സെന്റ് സ്ഥലം അനുവദിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടുള്ളതായി പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ഹാന്റ്ക്സിനെ അറിയിച്ചിട്ടുണ്ട്.

(ഡി) കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല.

(ഇ, എഫ്) റോഡ്, വൈദ്യുതീകരണം തുടങ്ങിയ പണികൾ പൂർത്തിയാവുന്നതോടെ മാത്രമേ കെട്ടിടം ഏറ്റെടുത്ത് പ്രവർത്തിക്കാനാവുകയുള്ളൂ.

(ജി) കെട്ടിടം പണി പൂർത്തിയായി ഹാന്റ്ക്സിനു കൈമാറിയിട്ടില്ല.

കേന്ദ്രസാമൂഹ്യക്ഷേമ ബോർഡിന്റെ വിവിധ സഹായ പദ്ധതികൾ

55 [3460] ശ്രീ. കെ. എ. ചന്ദ്രൻ:
„ എം. മുരളി:
„ എൻ. ഡി. അപ്പച്ചൻ:
„ എ. കെ. മണി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമൂഹ്യക്ഷേമബോർഡിന്റെ വിവിധ സഹായ പദ്ധതികൾ നേടിയെടുക്കാൻ വേണ്ട സ്കീമുകൾ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചില്ലെന്ന് ഒരു കേന്ദ്ര മന്ത്രി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കീമുകൾ കേന്ദ്രത്തിന് സമർപ്പിക്കാത്തത് എന്തുകൊണ്ടാണ്;

(സി) ഇത്തരം കേന്ദ്ര പദ്ധതികളുടെ ആനുകൂല്യം ആവശ്യപ്പെട്ടു മുന്നോട്ടു വരുന്ന നോൺ ഗവൺമെന്റൽ ഏജൻസികൾക്ക് സംസ്ഥാന സർക്കാർ വേണ്ട ശുപാർശ നൽകാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടെന്നു വിശദീകരിക്കാമോ;

(ഇ) നോൺ ഗവൺമെന്റൽ ഏജൻസികൾക്കും വ്യക്തികൾക്കും കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾ പ്രകാരം ലഭിക്കാവുന്ന ആനുകൂല്യങ്ങളെപ്പറ്റി വിപുലമായ പ്രചാരം കൊടുക്കുവാൻ നടപടിയെടുക്കുമോ;

(എഫ്) കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാന ഗവൺമെന്റിനും അനൗദ്യോഗിക സംഘടനകൾക്കും വ്യക്തികൾക്കും ലഭിക്കാവുന്ന സഹായങ്ങളെപ്പറ്റി അപ്പപ്പോൾ വിവരം നൽകുവാൻ ന്യൂഡൽഹിയിലെ റസിഡന്റ് കമ്മീഷണറോട് ആവശ്യപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly